...TCHED
03/06/2020

29/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332588, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.363(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.2378/SIC-Gen 2/2013**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.ഡി. പ്രകാശ്,
ദേവദത്തം,
വിളയോടി, ചിറ്റൂർ,
പാലക്കാട് – 678 103.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പി.എ ടു സെക്രട്ടറി,
പാലക്കാട് നഗരസഭ,
പാലക്കാട്.

2. അപ്പീൽ അധികാരി &
സെക്രട്ടറി,
പാലക്കാട് നഗരസഭ,
പാലക്കാട്.
} എതിർകക്ഷികൾ

## ഉത്തരവ്

പാലക്കാട് നഗരസഭയിലെ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായ അപ്പീൽ ഹർജിക്കാരൻ, ടിയാനെ സസ്പെൻഡു ചെയ്ത PH,-8847/2012 എന്ന ഫയലിന്റെ പകർപ്പ് ചോദിച്ചിട്ട്, 680 രൂപ അടയ്ക്കാൻ പറഞ്ഞുവെന്നും, ഇത് തെറ്റായ കാര്യമാണെന്നും ചൂണ്ടിക്കാട്ടിയാണ് അപ്പീൽ നൽകിയത്.

2. ഇതു സംബന്ധിച്ച് രണ്ടാം എതിർകക്ഷി കമ്മീഷനു സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്, ടി ഫയൽ 340 പേജുകൾ വരുന്നതാണെന്നും, അതിന്റെ കോപ്പിക്ക് പേജൊന്നിന് 2 രൂപ ക്രമത്തിൽ 680/- രൂപ അടയ്ക്കണമെന്നും ആവശ്യപ്പെട്ടുവെന്നും, ടിയാന്റെ സസ്പെൻഷൻ ഭാഗം വരുന്ന കറന്റ് ഫയലും നോട്ട് ഫയലും കൂടി 27 പേജുകളാണുള്ളതെന്നും, ആയതിന്റെ മാത്രം കോപ്പിക്ക് 2/- രൂപ നിരക്കിൽ 54 രൂപ ഒടുക്കി കൈപ്പറ്റാവുന്നതാണെന്ന് അറിയിച്ചുവെന്നും, സസ്പെൻഷൻ ഭാഗം വരുന്ന ഫയലിന്റെ പ്രസക്ത ഭാഗം ഉൾക്കൊള്ളുന്ന 27 പേജുകൾക്ക് 54 രൂപ ഒടുക്കി ടിയാൻ കൈപ്പറ്റിയിട്ടുള്ളതാണെന്നും പ്രസ്തുത റിപ്പോർട്ടിൽ പറയുന്നു. ശ്രീ. പി.ഡി. പ്രകാശിനെ (അപ്പീൽ ഹർജിക്കാരൻ) സസ്പെൻഡ് ചെയ്തുകൊണ്ടുള്ള യഥാർത്ഥ ഫയൽ PH-1- 8847/2010 എന്നതാണെന്നും, ഇത് PH-1-8247/2012 എന്ന് രേഖ

പ്പെടുത്തിയത് അച്ചടിപ്പിശകായിരുന്നു എന്നും ടിയാനെ അറിയിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ തുടർന്നു പറയുന്നുണ്ട്.

3. ഇതെല്ലാം പരിശോധിക്കുമ്പോൾ, അപ്പീൽ ഹർജിക്കാരന് യഥാർത്ഥത്തിൽ ആവശ്യമുള്ള വിവരങ്ങൾ ഇതിനകം ലഭ്യമായിട്ടുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

4. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.